തിരുവമ്പാടി മണ്ഡലത്തിലെ വന്യമൃഗശല്യം

242(849) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിലെ മലയോരമേഖലയിൽ ഈയടുത്തായി എവിടെയെല്ലാം വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വന്യമൃഗശല്യം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) കാർഷികവിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്നതിന് നൽകുന്ന നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതി വിശദമാക്കുമോ ;

(ഡി) കാലതാമസമില്ലാതെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിലെ കുടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, നെല്ലിപ്പൊയിൽ, പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിൽ നിന്നാണ് ഈ അടുത്തായി വന്യമൃഗശല്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) വന്യമൃഗശല്യം തടയുന്നതിന് സോളാർ പവർ ഫെൻസിങ്, കിടങ്ങുകൾ എന്നിവ നിർമ്മിച്ചു വരുന്നു. വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചു വിടുന്നതിന് സാധ്യമായ എല്ലാ നടപടികളും എടുത്തുവരുന്നു. വാച്ചർമാരെ നിയോഗിച്ചും വനസംരക്ഷണ സമിതി അംഗങ്ങളെ ഉപയോഗിച്ചും വന്യമൃഗങ്ങളെ തുരത്തി ഓടിച്ചും വന്യമൃഗശല്യം തടയുന്നുണ്ട്.

(സി) കാർഷികവിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിയമം 1980 മുതൽക്ക് തന്നെ കേരള റൂൾസ് ഫോർ പേമന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന പേരിൽ പ്രാബല്യത്തിൽ ഉണ്ട്. വന്യജീവികളുടെ ആക്രമണംമൂലമുള്ള കാർഷിക വിളകളുടെ നാശനഷ്ടം കണക്കാക്കുന്നത് സർക്കാർ ഉത്തരവ് നമ്പർ (എംഎസ്) 96/2004/കൃഷി തീയതി 6-4-2004-ലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ്. സ്ഥലപരിശോധനയ്ക്ക് ശേഷം റെയിഞ്ച് ഓഫീസറുടെ ശിപാർശ അനുസരിച്ച് നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നത് അതാത് സ്ഥലത്തുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരാണ്.

(ഡി) ഫണ്ടിന്റെയും ലെറ്റർ ഓഫ് ക്രഡിറ്റിന്റെയും ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly